(സി) ഈ പണികൾ ടെൻഡർ ചെയ്യുവാനുള്ള ചുമതല ആരുടേതാണ്; അതിന്റെ ചെലവ് ആര് വഹിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതുമായി ബന്ധപ്പെട്ട് ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) & (സി) 1-9-2004-ലെ ജി. ഒ. (എം.എസ്.) നമ്പർ 272/04/ആർ.ഡി. ഉത്തരവ് പ്രകാരം ജില്ലാകളക്ടർമാർ നഗരപ്രദേശങ്ങളിൽ പൊതുമരാമത്ത് വകുപ്പ് (സ്പെഷ്യൽ ബിൽഡിംഗ്സ്) ഡിവിഷൻ മുഖേനയും, ഗ്രാമപ്രദേശങ്ങളിൽ വികസന ബ്ലോക്കുകൾ വഴിയുമാണ് ഈ പ്രവൃത്തികൾ ചെയ്യിക്കേണ്ടത്. ദർഘാസ് പരസ്യങ്ങൾ പ്രസിദ്ധീകരണത്തിനുവേണ്ടി ജില്ലാകളക്ടർമാർ മുഖേന ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്കു സമർപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

അഡ്വക്കേറ്റ്സ് വെൽഫയർ ഫണ്ട്

84 [1818] *ശ്രീ. ടി. യു. രാധാകൃഷ്ണൻ :*

„ *കെ. എ. ചന്ദ്രൻ:*

„ *പി. ജെ. ജോയി:*

ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്വക്കേറ്റ്സ് വെൽഫയർ ഫണ്ടിലേക്കുള്ള വരവിനങ്ങൾ എന്തെല്ലാമാണ്; ഇതുസംബന്ധിച്ച തുക ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തു തുകയുടെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വക്കീലന്മാർ, ബാർകൗൺസിൽ, ഗവൺമെന്റ് എന്നിവരുടെ വിഹിതത്തിലുള്ള കുടിശ്ശിക എത്രയാണ്;

(സി) ക്ഷേമനിധി ഫണ്ട് സ്റ്റാമ്പിനത്തിൽ പ്രതിവർഷം എന്തു തുക കിട്ടുന്നുണ്ട്;

(ഡി) ഇപ്പോൾ ഈ ഫണ്ടിൽ എന്തു തുക മിച്ചമുണ്ട്; ഈ ഫണ്ടിൽ നിന്നു ആനുകൂല്യം കിട്ടേണ്ട എത്രപേർക്ക് 31-5-2005-ലെ കണക്കനുസരിച്ച് തുക കൊടുക്കാതെയുണ്ട്?

ഉത്തരം

(എ) 1980-ലെ കേരള അഡ്വക്കേറ്റ്സ് വെൽഫയർ ഫണ്ട് ആക്റ്റിലെ വകുപ്പ് 3 (2) അനുസരിച്ച് ഫണ്ടിലേക്ക് താഴെ പറയുന്നവ വരവുവെയ്ക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സെക്ഷൻ 12 അനുസരിച്ച് ബാർ കൗൺസിൽ നൽകുന്ന എല്ലാ തുകയും.

(ബി) ബാർ കൗൺസിൽ നൽകുന്ന മറ്റ് ഏതൊരു വിഹിതവും.

(സി) ബാർ കൗൺസിൽ ഓഫ് ഇന്ത്യയോ ഏതെങ്കിലും ബാർ അസോസിയേഷനോ മറ്റേതെങ്കിലും അസോസിയേഷനോ, സ്ഥാപനമോ ഏതെങ്കിലും വക്കീലോ, മറ്റാരെങ്കിലുമോ നൽകുന്ന സംഭാവനയോ, വിഹിതമോ.

(ഡി) സംസ്ഥാന സർക്കാരിൽനിന്നും ഫണ്ടിലേയ്ക്കുള്ള ഏതെങ്കിലും ഗ്രാന്റ്.

(ഇ) 1959-ലെ കേരള കോർട്ട് ഫീസ് ആന്റ് സ്യൂട്ട് വാല്യൂവേഷൻ ആക്റ്റിലെ 76 (2) വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള ലീഗൽ ബെനിഫിറ്റ് ഫണ്ടിൽനിന്നും നിയമസംബന്ധമായ ജോലി ചെയ്യുന്നവരുടെ സാമൂഹ്യ സുരക്ഷയ്ക്കായി മാറ്റിവെച്ചിരിക്കുന്ന തുക.

(എഫ്) 10-ാം വകുപ്പനുസരിച്ച് കടം വാങ്ങുന്ന തുക.

(ജി) ഗ്രൂപ്പ് ഇൻഷ്വറൻസ് പോളിസിയുടെ കീഴിൽ ഒരു വക്കിലീന് മരണം സംഭവിക്കുമ്പോൾ എൽ.ഐ.സി.യിൽ നിന്ന് ലഭിക്കുന്ന എല്ലാ തുകയും.

(എച്ച്) ഫണ്ടിലെ അംഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പോളിസിവഴി എൽ.ഐ.സി. യിൽ നിന്ന് ലഭിക്കുന്ന ലാഭമോ, ഡിവിഡന്റോ.

(ഐ) ഫണ്ടിന്റെ മുതൽമുടക്ക് വഴി ലഭിക്കുന്ന ഏതെങ്കിലും ഡിവിഡന്റോ പലിശയോ.

(ജെ) 22-ാം വകുപ്പനുസരിച്ച് സ്റ്റാമ്പ് വില്പനവഴി ശേഖരിക്കുന്ന എല്ലാ തുകകളും.

(കെ) 15-ാം വകുപ്പനുസരിച്ച് അപേക്ഷ ഫീസ്, വാർഷിക വരിസംഖ്യ, അതിൻമേലുള്ള പലിശ ഉൾപ്പെടെയുള്ള എല്ലാ തുകയും.

മുകളിൽ പറഞ്ഞ (എ) മുതൽ (കെ) വരെയുള്ള വരവിനങ്ങളിൽ ഏതിനെല്ലാം തുക ലഭിക്കുന്നുണ്ടെന്ന് താഴെ പറയുന്നു.

(എ) ബാർ കൗൺസിലിന്റെ വിഹിതം ലഭിക്കുന്നു.

(ബി) ഇല്ല.

(സി) ഇല്ല.

GPM. 2/542/2012.—17

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വർഷങ്ങളായി സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നില്ല.

(ഇ) 2003-2004-ൽ ട്രസ്റ്റി കമ്മിറ്റിക്ക് ഈ വിഹിതത്തിൽ 15,53,600 രൂപ ലഭിച്ചിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) ഇല്ല.

(എച്ച്) ഇല്ല.

(ഐ) ട്രസ്റ്റി കമ്മിറ്റിയുടെ നിക്ഷേപങ്ങളിൽ പലിശ ലഭിക്കുന്നു.

(ജെ) സ്റ്റാമ്പ് വില്പനയിലൂടെയും ഫണ്ടിന് തുക ലഭിക്കുന്നു.

(കെ) ഫണ്ടിലേക്ക് അംഗങ്ങളിൽ നിന്ന് വാർഷിക വരിസംഖ്യയും അപേക്ഷാഫീസും ലഭിക്കുന്നുണ്ട്. ഇതിൽ 17,700 രൂപ അപേക്ഷാ ഫീസിനത്തിലും വാർഷിക വരിസംഖ്യയിനത്തിൽ 83,37,600 രൂപയും ഫണ്ടിലേക്ക് ലഭിക്കേണ്ടതുണ്ട്.

(ബി) ബാർ കൗൺസിലിൽ നിന്നും ഒരു തുകയും കുടിശ്ശികയായി നിൽക്കുന്നില്ല. മെമ്പർമാരിൽ നിന്ന് ഫീസിനത്തിലും വാർഷിക വരിസംഖ്യാ കുടിശ്ശികയിനത്തിലും 85,53,300 രൂപ വെൽഫയർ ഫണ്ടിലേക്ക് പിരിഞ്ഞു കിട്ടാനുണ്ട്. 2003-2004 വർഷത്തിൽ കോർട്ട് ഫീ ആന്റ് സ്യൂട്ട് വാല്യൂവേഷൻ ആക്റ്റിലെ സെക്ഷൻ 76(2) പ്രകാരം വെൽഫയർ ഫണ്ടിലേക്ക് 15,53,600 രൂപ ലഭിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം സ്റ്റാമ്പ് വിറ്റ വകയിൽ ലഭിച്ച തുക 1,09,24,650 രൂപ ആണ്.

(ഡി) ഇപ്പോൾ കൈവശമുള്ള തുക 2,28,31,450 രൂപ ആണ്. 31-5-2005-വരെ 52 അവകാശികൾക്ക് 1,17,12,500 രൂപ ക്ലെയിമിനത്തിൽ കൊടുക്കാനുണ്ട്.

പ്രളയ ദുരിതാശ്വാസ ഫണ്ട്

85 [1819] *ശ്രീ. സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ മടവൂർ, നരിക്കുനി, കൊടുവള്ളി, കിഴക്കോത്ത്, ഉണ്ണികുളം, കക്കോടി, ചേളന്നൂർ, കാക്കൂർ എന്നീ പഞ്ചായത്തുകളിൽ 2001 മുതൽ 2005 വരെയായി പ്രളയ ദുരിതാശ്വാസ ഫണ്ടിൽ നിന്നും എത്ര റോഡുകൾക്ക് തുക അനുവദിച്ചു;

LIBRARY ARCHIVES Kerala Legislative Assembly